# 12

# ഏലിയാവ്

# ദൈവത്തിന്റെ ഏക-മനുഷ്യ സൈന്യം

വേദഭാഗം: 1 രാജാക്കന്മാർ 16:29–22:40

“തന്നിൽ മുഴുവനായി സമർപ്പിക്കപ്പെട്ട ഒരാൾ മുഖാന്തരം ദൈവത്തിനു എന്തു ചെയ്യുവാൻ കഴിയുമെന്ന് ലോകത്തിനു ഇന്നുവരെ കാണാൻ കഴിഞ്ഞിട്ടില്ല” എന്ന പ്രസ്താവന ഞാൻ കുറെ കാലമായി കേൾക്കുന്നു.

ശരി, അത് അങ്ങനെ ആയിരിക്കാം, അല്ലെങ്കിൽ അല്ലായിരിക്കാം. ഒരർത്ഥത്തിൽ ആ പ്രസ്താവന തീർച്ചയായും, വാസ്തവമാണ്; കാരണം, എത്ര പവിത്രീകരിക്കപ്പെട്ടയാളായാലും ഒരു മനുഷ്യനെയും ക്ഷീണിപ്പിക്കാത്തതാണ് സർവ്വശക്തനായ ദൈവത്തിന്റെ ശക്തി. എങ്ങനെയായാലും, മറ്റൊരർത്ഥത്തിൽ, ആ പ്രസ്താവന ശരിയല്ല എന്നും പറയാം. വിലയും, സമർപ്പണവും, അല്ലെങ്കിൽ വിമർശനവും എന്തു തന്നെയായാലും, വിശ്വസ്തതയോടെ ദൈവത്തോടൊപ്പം നടന്നാൽ. ദൈവത്തിന് ആ ഏകവ്യക്തിയിൽ കൂടെ ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയുമെന്ന് കാണാം.ഹാനോക്ക് (ഉൽപത്തി 5:22), മോശെ (ആവർത്തനപുസ്തകം 34:10), ഏലിയാവ് (2 രാജാക്കന്മാർ 2:12), പൗലൊസ് (പ്രവൃത്തികൾ 26:16–18). എന്നിവർ ദൈവവചനത്തിന് ഭൂപ്രകൃതിയിൽ മഞ്ഞ് മൂടി കിടക്കുന്നതുപോലെ വെൺമക്ക് ഉദാഹരണങ്ങളായിരുന്നു.

യിസ്രായേലിന്റെ നായകന്മാരെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ, ആത്മിയ ഡയനമോസ് ആയിരുന്നു ഏലിയാവ്. ആരോ പറഞ്ഞതുപോലെ അവൻ “ഒരു കൊടുങ്കാറ്റുപോലെ” വരികയും “ചുഴലിക്കാറ്റുപോലെ” പോകുകയും ചെയ്തു. ആഹാബിന്റെ പ്രാകാരത്തിലേക്ക് അവൻ ഒരു ഇടിമിന്നൽ പോലെ വന്നു, വിഗ്രഹാരാധനയെയും, വരൾച്ചയെയും പ്രഖ്യാപിച്ചു.

അവനെ കുറിച്ച് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത്, “നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ” എന്നാണ് (യാക്കൊബ് 5:17); എങ്കിലും, അവൻ സംശയിക്കാത്ത വലിയ പഴയനിയമ പ്രവാചകന്മാരിൽ വിശ്വസ്തത കാത്തുസൂക്ഷിച്ച, ദൈവം നൽകിയ കടമകൾ അനുസരിക്കുന്നതിൽ മടുത്തുപോകാത്തവനും ആയിരുന്നു.

പ്രതികൂല പരിസ്ഥിതിയിലേക്ക് ദൈവം അവനെ അയച്ചതുകൊണ്ട്, സ്നേഹത്തിന്റെ ശക്തിയെ കുറിച്ചോ അല്ലെങ്കിൽ ക്രിയാത്മക ചിന്തയുടെ വിലയെക്കുറിച്ചോ ദീർഘമായ പ്രസംഗങ്ങളൊന്നും അവൻ നടത്തിയില്ല; മറിച്ച്, സത്യത്തിന്റെ അധികാരത്തെ അത്ഭുതകരമായി അവൻ പ്രദർശിപ്പിച്ചു. അവൻ പുതിയ വെളിപ്പാട് ഒന്നും കൊണ്ടുവന്നില്ല, പക്ഷെ മുൻപ് നൽകിയ വെളിപ്പാടിനെ അവൻ പ്രതിരോധിച്ചിരുന്നു. അവൻ ഒരു ഗുരു ആയിരുന്നില്ല, പക്ഷെ അവൻ ഒരു സാമൂഹ്യപരിഷ്ക്കർത്താവായിരുന്നു, ഒരു പ്രാദേശിക സുവിശേഷകനായിരുന്നില്ല, പക്ഷെ പര്യടനം നടത്തുന്ന സുവിശേഷകനായിരുന്നു.

അവന്റെ ജീവിതവും, ദൈവത്തോടുകൂടിയുള്ള അവന്റെ നടപ്പും, ദൈവ

ത്തിനു പ്രസാദകരമായതിനാൽ, മരണം കൂടാതെ അവനെ ദൈവത്തോടു കൂടെ ആയിരിപ്പാൻ സ്വർഗത്തിലേക്ക് എടുത്തു. വാസ്തവത്തിൽ അവൻ ഒരു ഇടിമിന്നൽ പോലെയാണ് വന്നത്, ഒരു തീ പോലെ യിസ്രായേലിൽ അവൻ വ്യാപരിക്കുകയും ചുഴലിക്കാറ്റിൽ വീട്ടിലേക്ക് മടങ്ങി പോകുകയും ചെയ്തു.

യിസ്രായേലിന്റെ ചരിത്രത്തിൽ നിർണ്ണായക ഘട്ടത്തിൽ അവൻ യഹോവയുടെ ഏക-മനുഷ്യ സൈന്യമായിരുന്നു. ഏതാണ്ട് യിസ്രായേലിനെ മുഴുവൻ ബാലിനെ ആരാധിക്കുന്നതിലേക്ക് നയിച്ച ദുഷ്ടനായ ആഹാബും ദോഷിയായിരുന്ന ഈസെബേലും ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദേശം മുഴുവൻ ആത്മിയമായി മരണക്കിടക്കയിലായിരുന്നു. വിഗ്രഹാരാധന യിസ്രായേലിനെ മാത്രമല്ല ബാധിച്ചിരുന്നത്, ആ മാരകരോഗം അതിവേഗത്തിൽ യെഹൂദ്യയിലേക്കും പടർന്നുകൊണ്ടിരുന്നു. ദൈവഭക്തിയുള്ളവർ വിരളമായിരുന്നു. വിശ്വസ്തനായ ഒരു യഹോവാ ഭക്തനെ കാണുന്നത്, ചളിയിൽ പൂണ്ടുപോയ ഒരു വജ്രത്തെ തിരയുന്നതുപോലെയായിരുന്നു. യിസ്രായേലിന്റെ ഭാവി ശരിയാകണമെങ്കിൽ ആരെങ്കിലും വന്ന് വ്യത്യാസം ജനിപ്പിക്കണമായിരുന്നു - ദുഷ്ടതയെ എതിരിടുവാൻ തക്ക ശക്തിയുള്ള ഒരാൾ തന്നെ വേണം.ആരും ഇല്ലാതിരുന്നപ്പോൾ, യിസ്രായേലിൽ സത്യത്തിനുവേണ്ടി നിലകൊള്ളുന്ന ആരെങ്കിലും ആവശ്യമായിരുന്നു. അത്തരം സാഹചര്യത്തിലാണ് ഏലിയാവ് എന്ന മനുഷ്യനെ ദൈവം തിരഞ്ഞെടുത്ത് ആക്കുന്നത്.

മനുഷ്യരെ ഉപയോഗിച്ചുകൊണ്ടാണ് ദൈവം എപ്പോഴും ജനത്തെ തന്റെ അടുക്കലേക്ക് തിരിച്ച് കൊണ്ടുവന്നിട്ടുള്ളത് - സാധാരണ മനുഷ്യരെയല്ല, വിശുദ്ധരായ മനുഷ്യരെ. അത്തരം ആളുകൾ ലോകത്തിന്റെ മൂല്യങ്ങളെ വിലമതിക്കാതെ കർശന അച്ചടക്കമുള്ളവരായിരിക്കും. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ദേശത്തെ കവർന്ന ദുർഗന്ധാവസ്ഥയെ ദൂരീകരിക്കുന്ന ആത്മിയമായ സുഗന്ധം പരത്തുന്നതായിരുന്നു അവരുടെ ദൈവത്തോടുള്ള നിർമ്മലമായ കൂട്ടായ്മ.

ഏലിയാവ് ഒരുപക്ഷെ ഗലീലിയിലെ തിശ്ബെയിൽ ജനിച്ച തിശ്ബ്യനായിരുന്നിരിക്കണം (1 രാജാക്കന്മാർ 17:1). ഒട്ടകത്തോൽ കൊണ്ടോ അല്ലെങ്കിൽ ഒട്ടക-രോമം കൊണ്ടോ ഉള്ള ഉടുപ്പായിരുന്നു അവൻ ധരിച്ചിരുന്നത്, അത് വെയിൽ-അടിക്കാതെ ചുമലിൽ കൂടെ ഇട്ട്, അരയിൽ തോൽ കൊണ്ടുള്ള ബെൽറ്റിട്ട് മുറുക്കും (1 രാജാക്കന്മാർ 19:13; 2 രാജാക്കന്മാർ 1:8). അവൻ ശക്തിയും ധൈര്യവുമുള്ളവനും, മറ്റൊന്നിലും താൽപര്യമില്ലാത്ത, സ്വതന്ത്രനുമായിരുന്നു. അവനെ പ്രാദേശികമായി ബന്ധിപ്പിക്കുന്ന കണ്ണിയൊന്നുമില്ലാത്തതിനാൽ, പെട്ടെന്ന് ദൂരസ്ഥലങ്ങളിൽ അവൻ പ്രത്യക്ഷനാകുകയും അപ്രത്യക്ഷനാകുകയും ചെയ്തിരുന്നു. അവന്റെ പ്രവചനശുശ്രൂഷ ബി. സി. 918-897 വരെ ഇരുപത്തി-ഒന്നു വർഷമായിരുന്നു.

ഏലിയാവ് ജീവിച്ച പ്രത്യേക കാലയളവിൽ ഒരു സന്ദേശവാഹകൻ മാത്രമായിരുന്നില്ല ആവശ്യം അത്ഭുതവും ആവശ്യമായിരുന്നു.[1] ഏലിയാവിന്റെ കാലയളവിൽ നടന്ന അസാധാരണസംഭവങ്ങൾ വീണ്ടെടുപ്പ് ചരിത്രത്തിലെ നാല് അത്ഭുതകാലയളവിലെ[2] രണ്ടാമത്തേതായിരുന്നു. യഹോവയെ ആരാധിക്കുന്നവർക്കും ബാലിനെ ആരാധിക്കുന്നവർക്കുമിടയിൽ ജീവനും-മരണത്തിനുമിടക്ക് കഴിഞ്ഞ ആളുകൾക്ക് ആ അത്ഭുതപരമ്പര ആവശ്യമായിരുന്നു. വടക്കെ രാജ്യത്തെ ജനങ്ങൾക്ക് ദൈവം വെളിപ്പെടുത്തിയിരുന്ന ന്യായപ്രമാണം വലിയോരു പ്രശ്നമായിരുന്നു. യിസ്രായേൽ ചരിത്രത്തിലെ ആ

രംഗത്തെ കുറിച്ച് ജെയിംസ് ഈ. സ്മിത്ത് എഴുതി:

> ആ കാലം ഒരു സന്ദേശവാഹകനെ ആവശ്യപ്പെട്ടു; സന്ദേശവാഹകന് വിശ്വാസയോഗ്യത ആവശ്യമായിരുന്നു; ആ വിശ്വാസ്യതക്ക് അത്ഭുതം അനിവാര്യമായിരുന്നു. ഈസെബേലിന്റേയും അവളുടെ എണ്ണൂറ്റമ്പതു പുരോഹിതന്മാരേയും പ്രവാചകന്മാരെയും നേരിടുവാൻ ഏലിയാവിനും ഏലീശക്കും ശക്തിയുള്ള അത്ഭുതങ്ങൾ ചെയ്യേണ്ടതായി വന്നു. ഏറ്റവും വലിയ പ്രവാചകനെ ഏറ്റവും മോശമായ കാലത്തേക്ക് സൂക്ഷിച്ചു വെച്ചു.[3]

പ്രതിസന്ധിയിലേക്ക് തള്ളിവിട്ട ദൈവപുരുഷനായിരുന്നു ഏലിയാവ്. യിസ്രായേൽ ദേശം ദൈവത്തിൽനിന്നകന്നുപോയത് അവന്റെ വരവിന് കളമൊരുക്കി എന്നു പറയാം.

ഏലിയാവ് ഒരു വലിയ ദൈവപുരുഷനായിരുന്നതിനാൽ, നമുക്ക് ചോദിക്കാം, "ഏതു തരം ഹൃദയമായിരുന്നു ഏലിയാവിന്റെ?" ഒരു മനുഷ്യന്റെ ഹൃദയത്തെ കാണാതെ നമുക്ക് അയാളെ വാസ്തവത്തിൽ കാണുവാൻ കഴിയുകയില്ല. മഹാന്മാർ മഹാമനസ്ക്കരായിരിക്കും. അവരുടെ ഉള്ളിൽനിന്നു പുറത്തേക്കാണ് വരുന്നത്, അല്ലാതെ പുറത്തുനിന്ന് അകത്തേക്കായിരിക്കുകയില്ല. ഭക്തിയുള്ള ചിന്തയിൽനിന്നാണ് പലപ്പോഴും മാഹാത്മ്യം വളരുന്നത്, അല്ലാതെ പേശിബലത്തിൽനിന്നല്ല. വാസ്തവത്തിലുള്ള വീര്യം വരുന്നത് ശക്തമായ ഹൃദയത്തിൽനിന്നാണ്, അല്ലാതെ കായികശേഷിയിൽനിന്നല്ല.

ഏലിയാവിന്റെ ആത്മിക ഹൃദയത്തെ എടുത്തുകാണിക്കുന്നതാണ് എട്ടു ഭാഗങ്ങളുടെ എക്സ്-റേ. ആ സംഭവങ്ങളെ പരിശോധിച്ചാൽ, ദൈവത്തിന്റെ ഏക-മനുഷ്യ സൈന്യത്തിന്റെ ഉൾക്കാഴ്ച്ച നമുക്ക് കാണുവാൻ കഴിയും.

### ഹൃദയയോഗ്യത: സ്വഭാവം

അവന് ദൈവത്തോടുള്ള യോജിപ്പും, ആത്മിയതയും ആണ് ഏലിയാവിന്റെ ഹൃദയം ഉരച്ചു നോക്കിയാൽ കാണുവാൻ കഴിയുന്നത്. ദൈവത്തോട് ശരിയായ ബന്ധമുള്ള, വാസ്തവത്തിലുള്ള സ്വഭാവമായിരുന്നു അവന്റേത്. "യഹോവ എന്റെ ദൈവം" എന്ന അവന്റെ പേരിന്റെ അർത്ഥത്തിനൊത്തവണ്ണമാണ്, അവൻ ജീവിച്ചത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ അവൻ യഹോവയുടെ ദാസനായിരുന്നു.

ഏലിയാവിനെ കുറിച്ചുള്ള ആ സത്യം അവന്റെ പ്രാർത്ഥനാജീവിതത്തിലും, ദൈവത്തോടുകൂടിയുള്ള അവന്റെ ദൈനന്തിനജീവിതത്തിലും കാണാം. അവൻ ദൈവത്തെ അറിഞ്ഞ്, ദൈവത്തോടു സംസാരിച്ച്, ദൈവത്തോടുകൂടി നടന്നു. ചിലപ്പോൾ അവൻ ഭൗതിക കൂട്ടുകെട്ടിലായിരുന്നെങ്കിലും, സ്വർഗീയ കൂട്ടായ്മക്ക് അവൻ മുടക്കം വരുത്തിയിരുന്നില്ല. അവൻ ദൈവത്തെ കുറിച്ച് *വെറുതെ* സംസാരിക്കുകയായിരുന്നില്ല, ദൈവത്തോട് സംസാരിക്കുമായിരുന്നു. അവൻ ദൈവത്തെ കുറിച്ചു വെറുതെ ചിന്തിക്കുകയായിരുന്നില്ല, സ്വർഗസ്ഥനായ ദൈവത്തിന്റെ ഏറ്റവും വലിയ സ്നേഹിതനായിരുന്നു.

ആഹാബ്, തന്റെ ഭാര്യയുടെ സ്വാധീനത്താൽ, തിറിയൻ ദേവനായിരുന്ന ബാലിനെ നമസ്ക്കരിക്കുന്നവനായി തീർന്നു. ആ നിർണ്ണായകസമയത്ത്, ഏലിയാവ് അവന്റെ മുൻപിൽ വന്ന്, അവൻ യഹോവയെ ത്യജിച്ചതിന്റെ ശിക്ഷയായി

ഒരു വരൾച്ച വരുവാനിരിക്കുന്നു എന്ന് പ്രവചിച്ചു (17:1). ക്ഷാമം വന്നപ്പോൾ, ഏലിയാവ് ആദ്യം കെരിത്തു തോട്ടിനരികിലേക്കു പോകയും, അവിടെ അവന് കാക്ക ദൈവകരുണയാൽ അപ്പം എത്തിച്ചുകൊടുക്കുകയും ചെയ്തു (17:6). തോട്ടിലെ വെള്ളം വറ്റിയപ്പോൾ, അവനോട് സോരിനു വടക്ക് മദ്ധ്യധരണ്യാഴിയുടെ തീരത്തുള്ള സാറെഫാത്തിലേക്ക് പോകുവാൻ ആവശ്യപ്പെട്ടു (17:9). അവന്റെ ഉപജീവനത്തിന് ഒരു വിധവയുടെ അടുക്കലേക്കു പോകുവാനാണ് അവനോട് പറഞ്ഞത്. ക്ഷാമം നിമിത്തം അവളുടെ അപ്പവും വെള്ളവും അവനു പങ്കിടുവാൻ അവൾ മടിച്ചു. ദൈവത്തിൽ വിശ്വസിക്കുവാനും ആശ്രയിക്കുവാനും അവൻ അവളോട് അഭ്യർത്ഥിച്ചു.

> ഏലിയാവ് അവളോട്, ഭയപ്പെടേണ്ട; ചെന്നു നീ പറഞ്ഞതുപോലെ ചെയ്ക. എന്നാൽ ആദ്യം എനിക്ക് ഒരു ചെറിയ അട ഉണ്ടാക്കി കൊണ്ടുവരിക. പിന്നെ നിനക്കും നിന്റെ മകനും വേണ്ടി ഉണ്ടാക്കിക്കൊൾക. യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾവരെ കലത്തിലെ മാവ് തീർന്നുപോകയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോകയുമില്ല എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു (17:13, 14).

ഏലിയാവിനാൽ, നയിക്കപ്പെട്ട വിധവ, ദൈവത്തിൽ ആശ്രയിച്ച് അവൾക്കുണ്ടായിരുന്ന അവസാനത്തെ അടയും വെള്ളവും അവനു പങ്കിട്ടു കൊടുത്തു. ദൈവം അത് കണ്ടതിനാൽ ക്ഷാമം തീരുന്നതു വരെ അവളുടെ കലത്തിലെ മാവ് തീരുകയോ, ഭരണിയിലെ എണ്ണകുറയുകയോ ചെയ്തില്ല (17:15, 16; ലൂക്കൊസ് 4:24-26). ഏലിയാവിന്റെ ശുശ്രൂഷയിലെ ഈ പ്രത്യേക സംഭവങ്ങളെല്ലാം തെളിയിക്കുന്നത്, പ്രവാചകന് ദൈവത്തോടുള്ള അഭേദ്യമായ അടുപ്പത്തെയാണ്.

അവരുടെ മകൻ മരിച്ചപ്പോൾ, അവൾ ചെയ്ത ഏതോ പാപത്തിന്റെ ഫലമായിരുന്നു എന്നാണ് അവൾ കരുതിയത് (17:18). ഏലിയാവ് ബാലനെ മാളികമുറിയിലേക്ക് കൊണ്ടുപോയി പ്രാർത്ഥനയിൽ മുഴുകുകയും, വിശ്വാസത്തിന്റെ ഫലമായി ദൈവം അവനെ ഉയർപ്പിക്കുകയും ചെയ്തു. ആ മകന്റെ ജീവനുവേണ്ടി ഏലിയാവ് പ്രാർത്ഥിച്ചത് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നമ്മെയും പ്രചോദിപ്പിക്കുന്നതിനാണ്. എന്തൊരു നാടകീയമായ രംഗമാണിത്! ദൈവം ഏലിയാവിന്റെ പ്രാർത്ഥന കേൾക്കുകയും ബാലന്റെ ജീവൻ അവനിലേക്ക് തിരിച്ചു കൊടുക്കുകയും ചെയ്തു.

> യഹോവ ഏലിയാവിന്റെ പ്രാർത്ഥന കേട്ടു; കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവന്നു അവൻ ജീവിച്ചു. ഏലിയാവു കുട്ടിയെ എടുത്തു മാളികയിൽ നിന്നു താഴെ വീട്ടിലേക്കു കൊണ്ടുചെന്ന് അവന്റെ അമ്മക്കു കൊടുത്തു: “ഇതാ, നിന്റെ മകൻ ജീവിച്ചിരിക്കുന്നു” എന്നു ഏലിയാവ് പറഞ്ഞു. സ്ത്രീ ഏലിയാവോടു: “നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു എന്ന് പറഞ്ഞു” (17:22-24).

ഈ അത്ഭുതകരമായ സംഭവത്തിൽനിന്ന് ആ സ്ത്രീക്കും, നമുക്കും ഏലിയാവിൽ നിന്ന് രണ്ട് സത്യങ്ങൾ പഠിക്കാം: ഏലിയാവിന്റെ ജീവിതത്തിലെ

ആധികാരികസ്വഭാവവും, ഏലിയാവ് സംസാരിച്ച ദൈവീക വാക്കുകളുടെ സ്വഭാവവും.

എല്ലാറ്റിലും ഉപരിയായി, ആത്മീയതക്ക് പകരം മറ്റൊന്നില്ല എന്നുകൂടെ ഏലിയാവ് കാണിക്കുന്നു. ഉപദേശപരമായി ഒരാൾക്ക് നേരെയുള്ള തോക്കിൻ കുഴലാകുവാനും, അതേ സമയത്ത് ആത്മീകമായി ശുന്യമായ തോക്കിൻകുഴലാകുവാനും കഴിയും. ഒരാൾ ദൈവത്തെ അറിയാതെയും, ദൈവത്തോടുകൂടെ നടക്കാതെയും മറ്റുള്ളവരോടു പ്രസംഗിക്കുന്നതിനേക്കാൾ ദയനീയമായിട്ടുള്ളത് മറ്റെന്താണ്. ഉപദേഷ്ടാവിനെ കൂടാതെ മറ്റുള്ളവരെ ചിലപ്പോൾ ദൈവം ക്രിസ്തുവിലേക്ക് നടത്തും എന്നത് വാസ്തവമാണ്. എന്നാൽ അത് ഒഴികഴിവാണ് നിയമമല്ല. മറ്റുള്ളവരുടെ ആത്മിക ആവശ്യങ്ങൾ ഞാൻ "നിറവേറ്റുന്നതിന്" മുമ്പ് ഞാൻ എന്നെത്തന്നെ രക്ഷാ പദ്ധതിയിൽ ആണെന്ന് "ഉറപ്പുവരുത്തണം" (1 തിമൊഥെയോസ് 4:16).

ബാറ്റ്സൽ ബാരറ്റ് ബാക്സ്റ്റർ ഓരോ ദിവസവും രാവിലെ 5:00 മണിക്ക് തന്റെ പഠനത്തിനും തന്റെ ആ ദിവസത്തെ ജോലിക്കുള്ള പ്രാർത്ഥനക്കുമായി. പോകും എന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. അദ്ദേഹത്തിന് മൂന്നു ജോലികൾ ഉണ്ടായിരുന്നു; ഡേവിഡ് ലിപ്സ്കോമ്പ് യൂണിവേഴ്സിറ്റിയിൽ ബൈബിൾ ഡിപ്പാർട്ട്മെന്റിന്റെ തലവനും, ഹിൽസ്ബറോ ചർച്ച് ഓഫ് ക്രൈസ്റ്റിലെ പുൾപിറ്റ് പ്രാസംഗികനും, "ഹെറാൾഡ് ഓഫ് ട്രൂത്ത്" എന്ന ടിവി, റേഡിയോ പ്രോഗ്രാമുകളിലെ മുഖ്യ പ്രാസംഗികനും ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും നല്ല ഉപദേഷ്ടാവും പ്രാസംഗികനുമായിട്ടാണ് സഹോദരവർഗം അദ്ദേഹത്തെ കണക്കാക്കുന്നത്. അദ്ദേഹം അത്ര ഫലപ്രദമാകുവാൻ കാരണമെന്താണ്? അദ്ദേഹത്തിന്റെ വെറും കഴിവുകൊണ്ടാണോ? കഴിവുണ്ട് എന്നതു ശരിയാണ്. അതേ ആത്മാർത്ഥതയോടും ആർദ്രഭാവത്തോടുംകൂടെ അവന് പോസ്റ്റേജ് സ്റ്റാമ്പിനെ കുറിച്ച് സംസാരിക്കുവാനും ആളുകളെ കണ്ണുനീരിലാഴ്ത്തുവാനും കഴിയുമായിരുന്നു. അതേ രീതിയിൽ അവന് "മെസോപ്പൊത്തോമിയയെ" കുറിച്ച് പറഞ്ഞ് ആളുകൾ അതിനു "ഹല്ലേലുയ്യാ" പറയിപ്പിക്കുവാനും കഴിയുമായിരുന്നു. എങ്ങനെയായാലും, സഹോദരൻ ബാക്സ്റ്ററിനെ അറിയാവുന്നവർക്ക് അയാളുടെ ശക്തി വാസ്തവത്തിൽ അയാളുടെ കഴിവുകളിലായിരുന്നില്ല, മറിച്ച് അയാൾ ഒരു ദൈവപുരുഷനായിരുന്നതിനാലായിരുന്നു എന്ന്.

മാർഷൽ കീബിളിന്റെ ജീവിതത്തിന്റെ അവസാനം, ആ വലിയ സുവിശേഷപ്രാസംഗികനോടുകൂടെ വില്ലി കാറ്റോ സഞ്ചരിച്ചിരുന്നു. സഹോദരൻ കീബിളിന്റെ ജീവിതകാലത്ത് നാൽപതിനായിരം പേരെ ക്രിസ്തുവിലേക്ക് നയിക്കുവാൻ കഴിഞ്ഞിരുന്നു. രാത്രിയിൽ കിടക്കുവാൻ പോകുന്നതിനു മുമ്പ് സഹോദരൻ കീബിൾ എന്നും മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുവാൻ ശഠിക്കുമായിരുന്നു എന്ന് കാറ്റോ പറഞ്ഞു. കൂടാതെ അദ്ദേഹം രാത്രിയിൽ ഉണർന്നാലും പിന്നെ കിടക്കുന്നതിനുമുമ്പ് പ്രർത്ഥിക്കുമായിരുന്നു എന്നും കാറ്റോ പറഞ്ഞു. "അദ്ദേഹം എത്ര പ്രാവശ്യം രാത്രിയിൽ ഉണർന്നാലും വീണ്ടും കിടക്കുന്നതിനു മുൻപ് മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചശേഷമേ കിടക്കുമായിരുന്നുള്ളു" എന്നാണ് കാറ്റോ വ്യക്തമാക്കിയത്.

ദൈവഭക്തരായ ആളുകൾ വ്യത്യസ്ത സ്ഥലങ്ങളിൽ വെച്ച് വ്യത്യസ്ത സമയങ്ങളിൽ പ്രാർത്ഥിക്കും, എന്നാൽ അവരിലെല്ലാം ഒന്നു പൊതുവായിട്ടുണ്ട്:അവർ നിരന്തരമായും വിശ്വസ്തമായും പ്രാർത്ഥിക്കും. അവർ തങ്ങളുടെ ശക്തി ദൈവത്തിലാണെന്ന് കാണും. "അവർ പ്രാർത്ഥനയിലല്ല വിശ്വസിക്കു

ന്നത്; പിന്നെയോ ദൈവത്തിലാണ്," എന്ന് ചാൾസ് പോഡ്ജ് നമ്മെ ഓർപ്പിക്കുന്നു. അവർ ധ്യാനത്തിലായിരുന്നില്ല വിശ്വസിച്ചിരുന്നത്; അവർ ദൈവത്തിലുള്ള ധ്യാനത്തിലാണ് വിശ്വസിച്ചിരുന്നത്. ദൈവത്തിന്റെ സഹ-പ്രവർത്തകരായി, അവർ ദൈവത്തോടുകൂടെ നടക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

### ഹൃദയയോഗ്യത: ദൃഢവിശ്വാസം

ഏലിയാവിൽ നാം കാണുന്ന മറ്റൊരു ഹൃദയയോഗ്യതയാണ് ദൃഢവിശ്വാസം. താൻ വിശ്വസിക്കുന്നതിനെ കുറിച്ച്, തുടർച്ചയായി സംശയിക്കുന്ന ചോദ്യചിഹ്നമായിരുന്നില്ല അവൻ. മറിച്ച് അവൻ ഒരു ആശ്ചര്യ ചിഹ്നമായിരുന്നു. താൻ വിശ്വസിച്ചിരുന്നതിനെ അവൻ ചലിപ്പിക്കും, വിശ്വസിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്തു ആളുകളെ ജ്വലിപ്പിച്ചിരുന്നു. ഏലിയാവ് ആഹാബിനോട് സംസാരിച്ചപ്പോൾ അവനിലുണ്ടായിരുന്ന ദൃഢവിശ്വാസം നോക്കുക: "എന്നാൽ ഗിലെയാദിലെ തിശ്ബ്യയിൽനിന്നുള്ള തിശ്ബ്യനായ ഏലിയാവ് ആഹാബിനോട്, ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോയാണെ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല എന്നു പറഞ്ഞു" (17:1).

ആഹാബ് രാജാവായിരുന്നു, എന്നോർക്കുക; ഏലിയാവിനെ ജീവനോടെ വിടുവാനും കൊല്ലുവാനും അവന് അധികാരമുണ്ടായിരുന്നു! നമ്മുടെ ബന്ധുക്കളോടോ, സ്നേഹിതന്മാരോടോ സുവിശേഷം അറിയിക്കുവാൻ നമ്മെ അയച്ചാൽ, അവരവിടെ ഉണ്ടായിരിക്കരുതേ എന്നു നാം ഉള്ളുകൊണ്ടു വിചാരിക്കും. അപ്പോൾ ഒരു രാജാവിനെ ശാസിക്കുവാൻ നമ്മെ അയച്ചാലോ? അതു ഈസെബേലിനെ പോലെയുള്ള ഒരു ഭാര്യയുള്ള ആളുടെ അടുക്കലേക്ക് അയക്കുമ്പോഴോ? ചുരുക്കി പറഞ്ഞാൽ അതിന് ദൈവവചനത്താലുള്ള ഒരു ഇരുമ്പു ഹൃദയം ആവശ്യമായിരുന്നു.

അവന്റെ ശുശ്രൂഷയിൽ, പിന്നീട്, അവൻ യെഹൂദ്യയിലെ യെഹോയാമിന് ഒരു രേഖ എഴുതി, അവൻ യെഹോശാഫാത്തുമായി ഭരണം പങ്കിട്ടിരുന്നു. ആ രേഖയിൽ അവൻ യെഹോരാമിനെ ദൈവികന്യായവിധി വരുന്നു എന്നു പറഞ്ഞു ഭീഷണിപ്പെടുത്തി, യെഹോശാഫാത്തിന്റെ കാലത്ത് അവൻ ചെയ്ത പാപങ്ങൾക്കുവേണ്ടി മാത്രമല്ല, യെഹോശാഫാത്തിനു ശേഷം അവൻ നടത്തുവാനിരിക്കുന്ന കൊലപാതകങ്ങൾക്കുമുള്ള ശിക്ഷയായിരുന്നു അത്.

> അവന്ന് ഏലിയാ പ്രവാചകന്റെ പക്കൽനിന്ന് ഒരു എഴുത്ത് വന്നതെന്തെന്നാൽ, നിന്റെ പിതാവായ ദാവീദിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. "നീ നിന്റെ അപ്പനായ യെഹോശാഫാത്തിന്റെ വഴികളിലും യെഹൂദാരാജാവായ ആസയുടെ വഴികളിലും നടക്കാതെ, യിസ്രായേൽ രാജാക്കന്മാരുടെ വഴികളിൽ നടക്കയും, ആഹാബ്ഗൃഹത്തിന്റെ പരസംഗം പോലെ യെഹൂദയെയും, യെരുശലേം നിവാസികളേയും പരസംഗം ചെയ്യുമാറാക്കുകയും, നിന്നേക്കാൾ നല്ലവരായ നിന്റെ പിതൃഭവനത്തിലുള്ള നിന്റെ സഹോദരന്മാരെ കൊല്ലുകയും ചെയ്ക കൊണ്ട്, യഹോവ നിന്റെ ജനത്തേയും നിന്റെ മക്കളേയും നിന്റെ ഭാര്യമാരെയും നിന്റെ സകല വസ്തുവകകളെയും മഹാബാധ കൊണ്ട് ബാധിക്കും. നിനക്കോ ദീനത്താൽ നിന്റെ കുടൽ കാലക്രമേണ പുറത്തുചാടുംവരെ കുടലിൽ വ്യാധിപിടിച്ചു കഠിനദീനമുണ്ടാകും"

(2 ദിനവൃത്താന്തം 21:12-15).

ഒരിക്കൽ കൂടെ, അത്തരം ഒരു എഴുത്ത് എഴുതുവാൻ വേണ്ട ദൃഢവിശ്വാസത്തെ പരിഗണിക്കുക.

കുറച്ചു വർഷങ്ങൾക്ക് മുൻപ് അർക്കൻസാസിലെ സിയേഴ്സിയിലുള്ള സഭകളെയെല്ലാം ബെൻ ബറി സംഘടിപ്പിച്ച് ഞങ്ങളുടെ പട്ടണത്തിലെ അശ്ലീല ചിത്രങ്ങളെല്ലാം നീക്കം ചെയ്യുവാൻ തീരുമാനിച്ചു. ആ പ്രവർത്തി സാക്ഷാത്ക്കരിക്കുവാൻ ധാരാളം പേർ ഒത്തുകൂടി, എന്നാൽ ആ അഴുക്കുകൾ തുടച്ചുമാറ്റുവാൻ ഒരാൾ ദൃഢവിശ്വാസത്തോടെ മുന്നിട്ടിറങ്ങേണ്ടി വന്നു. പട്ടണത്തിലെ ചവറെല്ലാം എങ്ങനെ മാറ്റിയെടുക്കാമെന്ന്, അദ്ദേഹം ഓരോ ഇടവകയും കയറിയിറങ്ങി അതെങ്ങനെ സാധ്യമാക്കിത്തീർക്കാമെന്ന കാര്യം ആളുകളുടെ ഉള്ളിലേക്ക് എത്തിച്ചു. ആ യത്നത്തിൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയുമെന്ന് അദ്ദേഹം വിവരിച്ചപ്പോൾ, ഞങ്ങൾ ആ വെല്ലുവിളിയോട് യോജിക്കുകയും, ഒത്തുചേരുകയും ചെയ്തു. നാം ഇപ്പോൾ എന്തുകൊണ്ടാണ് നയിക്കപ്പെടാതിരിക്കുന്നത്? നിങ്ങൾക്ക് അറിയാം അതിന്റെ ഉത്തരം: ദൃഢവിശ്വാസം! ബെന്നിന് ദൃഢവിശ്വാസമുണ്ടായിരുന്നു, നമുക്ക് അത് ഇല്ല. അവയെല്ലാം നീക്കം ചെയ്യുവാൻ ബെൻ കാണിച്ച ഔൽസുക്യം എന്നെ സന്തോഷിപ്പിച്ചു.

സത്യസന്ധനായ ഒരു യിസ്രായേല്യനും സഹിക്കുവാൻ കഴിയത്തവിധം ബാലിസം എന്ന ചാട്ടവാർ യിസ്രായേലിൽ ആഞ്ഞടിച്ചപ്പോൾ, അതിനെ എതിർക്കുവാൻ ഉറച്ചവിശ്വാസിയായ ഒരാൾ വേണ്ടിവന്നു. മറ്റുള്ളവരുടെ മുൻപിൽ നിൽക്കത്തക്കവണ്ണം അവന്റെ വിശ്വാസം ശക്തമായിരുന്നു, ആഹാബിനെ പോലും നേരിടുവാൻ അവനു ദൈവത്തിന്റെ ആനുകൂല്യമല്ലാതെ മറ്റൊന്നുമില്ലായിരുന്നു. പണത്താലോ, മനുഷ്യകഴിവിനാലോ, കരിസ്മയാലോ, ലോകപ്രകാരമുള്ള വിദ്യാഭ്യാസത്താലോ ഒരു മാറ്റം കൊണ്ടുവരുവാൻ അവനു കഴിയുമായിരുന്നില്ല. ദൈവത്തിന്റെ സത്യപ്രദർശനത്താലല്ലാതെ മറ്റൊന്നിനും അതു കൈവരിക്കുവാൻ കഴിയുമായിരുന്നില്ല. ആ മഹത്തായ ഉത്തരവാദിത്വം നടത്തുവാൻ ഏലിയാവിനെ ഏൽപിച്ചു പറഞ്ഞു, "പോയി, അവരെ കാണിക്ക." ഏലിയാവിനു അതു ചെയ്യുവാനുള്ള വിശ്വാസം ഉണ്ടായിരുന്നു.

### ഹൃദയയോഗ്യത: ധൈര്യം

ഏലിയാവിന്റെ ഹൃദയത്തിനുണ്ടായിരുന്ന മറ്റൊരു സ്വഭാവമായിരുന്നു, ധൈര്യം. ഒരാളുടെ ദൃഢവിശ്വാസം വളരുന്നതിന്റെ ഫലമായുണ്ടാകുന്നതാണ്, ധൈര്യം.ഏതെങ്കിലും കാര്യത്തിന് നിങ്ങൾക്ക് ദൃഢവിശ്വാസമില്ലെങ്കിൽ, പിന്നെ എന്തിനുവേണ്ടി അതിനു ധൈര്യം കാണിക്കണം? ദൃഢവിശ്വാസത്തിൽനിന്ന് ധൈര്യം പുറപ്പെടുന്നില്ലെങ്കിൽ, അത് വന്ധ്യവും, പ്രവർത്തിരഹിതവും, നിഷ്പ്രയോജനവുമാകും. അവന്റെ ധൈര്യത്തിനു പിന്നിൽ യിസ്രായേൽ യഹോവയെ ആരാധിക്കുന്നതിലേക്ക് തിരിച്ചു വരേണ്ട ആവശ്യവും, യഹോവയിലുള്ള അ-ഗാധമായ വിശ്വാസവുമായിരുന്നു.

$3^1/_2$-വർഷത്തെ വരൾച്ചക്കുശേഷം (1 രാജാക്കന്മാർ 18:1; ലൂക്കൊസ് 4:25; യാക്കോബ് 5:17), ഏലിയാവിനോട് ആഹാബിന്റെ അടുക്കൽ പോകുവാൻ ആവശ്യപ്പെട്ടു. അതിനു കർമ്മേൽ പർവ്വതം വേദിയായി – ദൈവവും ബാലും തമ്മിലുള്ള പോരാട്ടം, മൽസരം. ദിവസം മുഴുവനും ബാലിന്റെ പുരോഹിതന്മാർ അവരുടെ ആചാരമായ ഉന്മത്ത നൃത്തം ചെയ്തു ബാലിന്റെ ശക്തി

തെളിയിക്കുവാൻ ശ്രമിച്ചുവെങ്കിലും അവർ പരാജയപ്പെട്ടു. അവർ ജനങ്ങളുടെ വിശ്വാസത്തെയല്ല, ദയവിനെയാണ് തള്ളിക്കളഞ്ഞത്.

പിന്നെ ഏലിയാവ് ആളുകളെ ദൈവത്തിന്റെ ഒരു പഴയ യാഗപീഠത്തിനു ചുറ്റും കൂട്ടിവരുത്തി. ഈ യാഗപീഠം ഒരുപക്ഷെ വടക്കെ രാജ്യത്തിലെ പത്ത് ഗോത്രങ്ങൾ യെരുശലേമിൽ ദൈവത്തെ ആരാധിക്കുവാൻ പോകുന്നത് തടയുവാൻ ഭക്തിയുള്ള യിസ്രായേല്യർ തെറ്റായി ഉണ്ടാക്കിയതായിരിക്കാം. ആരോ അതിനെ തകർത്തു കളഞ്ഞിരിക്കുന്നു. ഏലിയാവ് അതിന് അറ്റകുറ്റപ്പണി നടത്തി അതിൽ തന്റെ ഉദ്ദേശത്തിനായ പന്ത്രണ്ടു കല്ലുകൾ വെച്ചു. അതു കൊണ്ടവ  പന്ത്രണ്ടു ഗോത്രങ്ങൾ രണ്ടു രാജ്യമായി വിഭജിച്ചത് ദൈവേഷ്ടമായിരുന്നില്ല എന്ന് സാക്ഷീകരിച്ചു (18:31). വ്യാജമെന്ന് പറയാതിരിക്കുവാനുള്ള വഴികളെല്ലാം അടെക്കുവാനായി യാഗപീഠത്തിന് ചുറ്റും കിടങ്ങു കുഴിച്ച് വെള്ളം നിറച്ചു. എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയശേഷം, അവൻ ദൈവത്തോട് പ്രാർത്ഥിച്ചു. സ്വർഗത്തിൽനിന്നു തീയിറങ്ങി യാഗവസ്തുക്കളെയും, യാഗപീഠത്തെയും ദഹിപ്പിച്ചുകളഞ്ഞു. യഹോവ ജീവിച്ചിരിക്കുന്നു എന്നും, അവന്റെ യഥാർത്ഥ ശക്തിയും തെളിയിച്ചു. ബാലിന്റെ പ്രവാചകന്മാർ വ്യാജന്മാരാണെന്ന് തെളിഞ്ഞു. ബാലിന്റെ പ്രവാചകന്മാരെയെല്ലാം പിടിച്ചു പർവ്വതത്തിന്റെ താഴെയുള്ള കിശോൻ തോട്ടിനരികെവെച്ച് ഏലിയാവിന്റെ ആജ്ഞയനുസരിച്ച് വെട്ടിക്കൊന്നുകളഞ്ഞു (1 രാജാക്കന്മാർ 18:1-40; ആവർത്തനപുസ്തകം 17:2-5).

ജനങ്ങൾ യഹോവയെ അംഗീകരിക്കുകയും, യഹോവയുടെ പ്രവാചകനെ അനുസരിക്കുകയും ചെയ്തു, മേഘങ്ങൾ കൂടി മഴ പെയ്യുന്നതുപോലെ ദൈവത്തിന്റെ പ്രതികരണവും അവർ കണ്ടു. ഏലിയാവ്, ആ ദേശത്തെ രാജാവായ ആഹാബിനെ ആദരിക്കുവാൻ യിസ്രേയേലിന്റെ വാതിൽക്കൽ രാജാവിന്റെ മുൻപിലേക്ക് അരകെട്ടി ശക്തിയോടെ ഓടിച്ചെന്നു (18:41-46).

ഏലിയാവിന്റെ ധൈര്യത്തിൽ നിങ്ങൾ അതിശയിക്കുന്നില്ലേ? അവൻ നിശബ്ദമായി പോയി, യാഗപീഠത്തിന്റെ കേടുപാടു തീർക്കുന്നതും, യാഗവസ്തുക്കൾ ഒരുക്കുന്നതും തീയിറങ്ങി യാഗവസ്തു ദഹിപ്പിക്കേണ്ടതിന് പ്രാർത്ഥിച്ചതുമെല്ലാം ഒന്നാലോചിച്ചുനോക്കുക. അതാണ് ധൈര്യമെന്നു പറയുന്നത്. അതാണ് ശരിയായ ധൈര്യം - സമർപ്പിക്കപ്പെട്ട ആത്മിയ ധൈര്യം. അർത്ഥശുന്യമായ ധൈര്യമല്ല ഏലിയാവ് പ്രകടിപ്പിച്ചത്, പിന്നെയോ, ജീവനുള്ള ദൈവത്തിൽ വിശ്വാസം അർപ്പിച്ചതിന്റെ ഫലമായ ധൈര്യമായിരുന്നു അത്. ആ അവസരത്തിൽ പ്രവാചകൻ കാണിച്ച ധൈര്യത്തെയും തെളിവിനെയും ആ മലയിൽ വെച്ചു തടുക്കുവാൻ ആർക്കു കഴിയുമായിരുന്നു? അതിന് ആരെങ്കിലും തുനിഞ്ഞാൽ അവരുടെ ഹൃദയം പാറപോലെയുള്ളതായിരിക്കും!

തന്റെ പ്രവാചകന്മാരെ ഏലിയാവ് കൊന്നുകളഞ്ഞതറിഞ്ഞ കോപിഷ്ടയായ ഈസെബേൽ ഹോരേബ് പർവ്വതത്തിലേക്ക് ഓടിപ്പോയ ഏലിയാവിനെ കൊല്ലുമെന്ന് പ്രതിജ്ഞ ചെയ്തു. അവിടെ അവനെ ദൈവം മോശെയെ നാൽപതു രാവും നാൽപതു പകലും സംരക്ഷിച്ചതുപോലെ, സംരക്ഷിച്ചു (പുറപ്പാട് 24:18; 34:28; ആവർത്തനപുസ്തകം 9:9, 18; 1 രാജാക്കന്മാർ 19:8). ആ കാലം ഏലിയാവിന്റെ ഏറ്റവും മോശമായ സമയമായിരുന്നു. അവൻ ഒരു വൃക്ഷത്തിന്റെ തണലിലിരുന്നു തന്റെ ജീവനെ എടുത്തുകളയുവാൻ ദൈവത്തോട് ആവശ്യപ്പെടുന്നുണ്ട്. താൻ ചെയ്യാവുന്നതെല്ലാം ചെയ്തിട്ടും പരാജയപ്പെട്ടു എന്ന നിരാശയിലും നിരുൽസാഹത്തിലുമായിരുന്നു അവൻ.

അവൻ "കയറിന്റെ അറ്റത്താണ്" എന്നായിരുന്നു അവന്റെ വിചാരം. പക്ഷെ ദൈവം അവനെ ശാന്തമായി, നിരാശയിലായിരുന്ന പ്രവാചകനെ ശാസിച്ചു (19:9), അവന്റെ ശേഷിച്ച ചുമതല എപ്രകാരമായിരിക്കുമെന്ന് അറിയിക്കുകയും (19:13) അവന്റെ തുടർന്നുള്ള ദൗത്യത്തിനായി അയക്കുകയും ചെയ്തു. അരാമ്യരാജാവായി ഹസായേലിനേയും യിസ്രായേൽ രാജാവായി യേഹുവിനേയും അഭിഷേകം ചെയ്യുവാനും, വിഗ്രഹാരാധനയും ദുഷ്ടതയും നിറഞ്ഞ ദേശത്തു നിന്നു അവയെ നീക്കുവാൻ അവനെ സഹായിക്കുന്നതിന് ഏലിശയെ തിരഞ്ഞെടുക്കുവാനും ദൈവം ഏലിയാവിനോട് പറഞ്ഞു (19:15-18).

ഏലിയാവ് പോകുന്ന വഴിക്ക് ഏലിശയെ കണ്ടു, അവൻ തന്റെ പുതപ്പ് അവന്റെ മേലിടുകയും, അവനെ ദൈവം ഏൽപിച്ച ശേഷിച്ച ജോലി ചെയ്യുവാനായി വിളിക്കുകയും ചെയ്തു (19:19-21). ഏലിയാവിന്റെ ജോലി ഏറ്റെടുക്കുവാൻ ധൈര്യം ആവശ്യമായിരുന്നു.

അധികാരം ഉപയോഗിച്ച് ഈസെബേൽ നാബോത്തിനേയും അവന്റെ മക്കളെയും കൊല്ലിച്ചതിനുള്ള ദൈവത്തിന്റെ ന്യായവിധി മുന്നറിയിക്കുവാൻ ആഹാബ് രാജാവിന്റെ മുൻപിൽ ചെല്ലുവാൻ ഏലിയാവ് ധൈര്യം പ്രദർശിപ്പിച്ചു (21:20-24). ബലഹീന-ഹൃദയമുള്ളവർക്ക് ചെയ്യാവുന്ന ഒരു ജോലിയായിരുന്നില്ല അത്. ആത്മിയമായി ഉറപ്പുള്ളതും ഉരുക്കുപോലെയുള്ളതുമായ ഹൃദയമായിരുന്നു അവന്റേത്. ഏലിയാവ് പുറപ്പെട്ട്, ആഹാബിന്റെ കണ്ണിൽ നോക്കി, ദൈവത്തിന്റെ മരണശിക്ഷ എന്ന ന്യായവിധി വരുവാനിരിക്കുന്നു എന്ന് പ്രഖ്യാപിച്ചു - ഒരുപക്ഷെ അവന്റെ ശബ്ദം അപ്പോൾ ഇടറിയിരിക്കയില്ല.

> നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്ത് വെച്ചുതന്നെ നിന്റെ രക്തവും നക്കിക്കളയും എന്നു യഹോവ കൽപിക്കുന്നു എന്നു നീ അവനോട് പറക എന്നു പറഞ്ഞു, ... ഞാൻ നിനക്ക് അനർത്ഥം വരുത്തും, ... ഞാൻ നിന്നെ അശേഷം നിർമ്മൂലമാക്കി യിസ്രായേലിൽ ആഹാബിനുള്ള സ്വതന്ത്രനും അസ്വതന്ത്രനുമായ പുരുഷപ്രജയെ ഒക്കെയും ഞാൻ ഛേദിച്ചുകളയും; ... ഈസെബേലിനെ കുറിച്ച് യഹോവ അരുളിച്ചെയ്തതു, "നായ്ക്കൾ ഈസെബേലിനെ യിസ്രെയേലിന്റെ മതിലരികത്തുവെച്ച് തിന്നുകളയും" (21:19-23).

ഏലിയാവിന്റെ പ്രഖ്യാപനം വെറുമൊരു മുന്നറിയിപ്പായിരുന്നില്ല. അത് വാസ്തവത്തിലുള്ളതായിരുന്നു. മൂന്നു വർഷത്തിനുശേഷം, പ്രവാചകൻ രാജകുടുംബത്തിനു സംഭവിക്കുമെന്ന് അരുളിച്ചയ്തതു അങ്ങനെതന്നെ നിറവേറാൻ തുടങ്ങി (22:1-38).

അതെ, ഏലിയാവ് അസാധാരണ ധൈര്യശാലിയായിരുന്നു. ഈ വിവരണം വായിക്കുന്ന ആരും അവന്റെ ഹൃദയത്തിലെ സാഹസം കാണാതിരിക്കയില്ല. ചൂരച്ചെടിയുടെ തണലിൽ നിരുൽസാഹവാനായി കാണപ്പെട്ടതൊഴിച്ചാൽ, അവൻ ശക്തനായിത്തന്നെ ബാലിസത്തോട് ധീരമായി, ഭയരഹിതമായി പൊരുതി.

സാധാരണ, ഒരു പ്രാസംഗികൻ പ്രസംഗിക്കുന്നതിനുമുൻപ് സഹോദരങ്ങൾ പ്രാർത്ഥിക്കും, "ദൈവമേ, ഞങ്ങളുടെ സഹോദരൻ യേശുവിന്റെ ക്രൂശിന്റെ മറവിൽ നിന്നു ഭയവും മുഖപക്ഷവും കൂടാതെ പ്രസംഗിക്കുവാൻ സഹായിക്കേണമേ." അത് ആരായിരുന്നാലും ആശയം ശരിയായതാ

ണ്. വാസ്തവത്തിലുള്ള ഒരു സുവിശേഷപ്രാസംഗികനു ഒരു പക്ഷത്തിനും അനുകൂലമാകുവാൻ പാടില്ല; അവൻ ധൈര്യത്തോടെ എല്ലാവർക്കുമായി, “കർത്താവ് ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു” എന്നു പ്രസംഗിക്കണം. ധൈര്യമില്ലാത്ത ഉപദേഷ്ടാവ് നട്ടെല്ലില്ലാത്തയാളാണ്!

**ഉപസംഹാരം**

സ്വഭാവവും, ദൃഢവിശ്വാസവും, ധൈര്യവുമുള്ള പുരുഷന്മാരെയാണ് ദൈവം ഉപയോഗിക്കുന്നത് എന്ന് ഇപ്പോൾ, ബോധ്യമായി കാണുമല്ലൊ. ദൈവം നല്ല രീതികളല്ല നോക്കുന്നത്; പിന്നെയോ നല്ല മനുഷ്യരെയാണ് എന്ന് ഈ. എം. ബൗൺസ് പറഞ്ഞിരിക്കുന്നു. ആത്മിയ പ്രകൃതി മാറ്റുവാൻ ദൈവം ആഗ്രഹിച്ചപ്പോൾ, അവൻ ദൂതസംഘത്തെ കൊണ്ടുവന്നില്ല, എന്നാൽ ആ ദൗത്യം ഒരു പുരുഷനെയാണ് ഏൽപിച്ചത്. അവൻ വെറും സാധാരണ ഒരു മനുഷ്യനായിരുന്നില്ല - അവൻ ആയിരുന്നു ഏലിയാവ്-പുരുഷാരം ബാലിനെ നമസ്ക്കരിച്ചപ്പോൾ, അവൻ ദൈവത്തോടുകൂടി നടന്ന ഭടനും ആത്മിയ കാർക്കശ്യമുള്ളവനുമായിരുന്നു. ഭയത്താൽ മറ്റുള്ളവരുടെ മനസ് ഇളകിയപ്പോൾ, അധികാരത്താലും, വേദനയാലും, പ്രചാരത്താലും ഭീഷണിപ്പെടുത്താൻ കഴിയാത്തവണ്ണം ദൈവത്തിന്റെ ശൗര്യമുള്ളവനായിരുന്നു അവൻ. ചെയ്യേണ്ടതായ എല്ലാം ഏലിയാവ് ചെയ്തില്ല. എന്നാൽ ദേശത്തിന്റെ ജീവിതത്തെ മാറ്റുവാൻ ദൈവം ഏലിയാവിനെ ഉപയോഗിച്ചു. ഒരു സമയത്ത് അവൻ ദൈവത്തിന്റെ ഏക-മനുഷ്യ സൈന്യമായിരുന്നു. പുരാതന യിസ്രായേലിന് ഒരു പുതിയ ആത്മിയതയുടെ ഒരു പുതിയ ദിനം കൊണ്ടുവരുവാൻ ദൈവം ഏലിയാവിനെ ഉപയോഗിച്ചു എന്ന് പണ്ഡിതന്മാർ സമ്മതിക്കും.

ഏലിയാവിനെ പോലെയുള്ള ഒരാളുടെ സ്വഭാവത്തെ നാം വിട്ടുകളയരുത്. മോശെക്കും യോഹന്നാൻ സ്നാപകനുമിടക്ക് ഏലിയാവിനു തുല്യനായ ഒരു പ്രവാചകനെ കാണുവാൻ വിഷമമാണ്. മുൻപ് ഹാനോക്കിനു മാത്രം ലഭിച്ച ആദരവാണ് അവന് ലഭിച്ചത് (ഉൽപത്തി 5:24), അവർ രണ്ടുപേരും മരണം കൂടാതെ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. തന്റെ സഹായിയായിരുന്ന ഏലിശായോടുകൂടി യോർദ്ദാൻ നദിയുടെ കിഴക്കോട്ട് യാത്ര ചെയ്തപ്പോൾ, അഗ്നിരഥവും അഗ്നിശ്വങ്ങളും അവനു പ്രത്യക്ഷമായി. ദൈവം ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് എടുത്ത് പ്രവാചകന്മാരുടെ ആത്മാക്കൾ വീണ്ടും പറുദീസയിൽ കണ്ടുമുട്ടുന്നതുവരെ അവരെ തമ്മിൽ വേർപെടുത്തി (2 രാജാക്കന്മാർ 2:1–12).

യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന് മുമ്പെ ഞാൻ നിങ്ങൾക്ക് ഏലിയാപ്രവാചകനെ അയക്കും എന്ന് പഴയനിയമത്തിലെ അവസാന രണ്ട് വാക്യങ്ങളിൽ ദൈവം മുന്നറിയിച്ചിരിക്കുന്നു (മലാഖി 4:5, 6). ലളിത വസ്ത്രധാരണത്തിൽ തിശ്ബ്യയിൽനിന്നുള്ള യോഹന്നാൻ സ്നാപകനിൽ അത് നിറവേറിയതായി പുതിയനിയമത്തിൽ വിവരിച്ചിരിക്കുന്നു (മത്തായി 3:4; മർക്കൊസ് 1:6), വിശ്വാസത്തിലും പ്രവർത്തിയിലും അവൻ അങ്ങനെയായിരുന്നു (മത്തായി 11:11–14; 17:10–13; മർക്കൊസ് 9:11–13; ലൂക്കൊസ് 1:17).

നമ്മുടെ കർത്താവ് പത്രൊസിന്റേയും, യോഹന്നാന്റേയും, യാക്കൊബിന്റേയും മുൻപിൽ രൂപാന്തരപ്പെട്ടപ്പോൾ, അവൻ മഹത്വീകരിക്കപ്പെട്ട് മോശെയോടും ഏലിയാവിനോടും സംസാരിക്കുന്നതായി കണ്ടു (മത്തായി 17:3, 4). തീർച്ചയായും, ആ അവസരത്തിൽ, ആ മൂന്നു അപ്പൊസ്തലന്മാർക്ക് ഏലി

യാവ് പ്രത്യക്ഷനായ സംഭവം അവന്റെ ജീവിതത്തെ കുറിച്ച് ചിലത് നമ്മോട് സംസാരിക്കുന്നു. കാരണം കൂടാതെ ദൈവം ഒരാളെ ഏകനായി സേവനത്തിനാക്കി ആദരിക്കുകയില്ല.

നാം ഏലിയാവിനെ പരിഗണിക്കുന്നതു വിട്ടുപോകുന്നതിനു മുൻപ്, ഉപയോഗത്തിനും മാഹാത്മ്യത്തിനും ഒരിക്കലും എളുപ്പവഴിയില്ല എന്ന സത്യം നാം മറക്കരുത്. അവൻ ദൈവത്തോടുകൂടി നടന്നതുകൊണ്ട്, ഏലിയാവ് "യിസ്രായേലിന്റെ തേരും തേരാളിയുമായിരുന്നു." ലോകത്തിൽ ഒരു മാറ്റം വരുത്തുവാൻ ഏലിയാവ് നമ്മെ പ്രചോദിപ്പിക്കുന്നുവെങ്കിൽ, മാറ്റത്തിന് നാം ചന്തയിൽ പോയി ഒച്ചപ്പാടുണ്ടാക്കുകയല്ല വേണ്ടത്, പിന്നെയോ, യുദ്ധം അവസാനിക്കുന്നതിനു മുൻപ്, അവന്റെ ഹൃദയാന്തർഭാഗത്തുള്ളത് നമ്മുടെ ഹൃദയത്തിൽ പകർത്തിയിട്ടുവേണം എന്തെങ്കിലും ചെയ്യുവാൻ. കാരണം ശരിയായ ഹൃദയമുള്ള ഒരാളിൽകൂടി മാത്രമെ ദൈവം എന്തെങ്കിലും ചെയ്യുകയുള്ളു.

**പഠിക്കേണ്ട പാഠം:**
**ദൈവത്തിന് ലോകത്തിൽ**
**ശരിയായ മാറ്റം വരുത്തുവാൻ**
**ശരിയായ മാറ്റമുള്ള ഏജന്റ് വേണം.**

---

കുറിപ്പുകൾ

[1]ഏലിയാവിന്റെ ജീവിത കാലയളവിൽ പതിനൊന്ന് അത്ഭുതങ്ങൾ നടന്നിട്ടുണ്ട്: (1) മഴ പെയ്യാതിരുന്നത് (1 രാജാക്കന്മാർ 17:1); (2) കാക്കയാൽ ഭക്ഷണം എത്തിച്ചുകൊടുത്തത് (1 രാജാക്കന്മാർ 17:6); (3) മാവിനേയും എണ്ണയേയും വർദ്ധിപ്പിച്ചത് (1 രാജാക്കന്മാർ 17:14); (4) സീദോന്യയിലെ വിധവയുടെ മകനെ ഉയർപ്പിക്കൽ (1 രാജാക്കന്മാർ 17:22); (5) സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങി കർമേലിലെ യാഗം ദഹിപ്പിച്ചത് (1 രാജാക്കന്മാർ 18:38); (6) ആകാശം തുറന്ന് മഴ പെയ്യിച്ചത് (1 രാജാക്കന്മാർ 18:45); (7) ഒരു ദൂതൻ ഏലിയാവിന് അപ്പവും വെള്ളവും നൽകിയത് (1 രാജാക്കന്മാർ 19:5); (8) സ്വർഗ്ഗത്തിൽ നിന്ന് തീയിറങ്ങി അമ്പതു പേരെ ദഹിപ്പിച്ചു കളഞ്ഞത് (2 രാജാക്കന്മാർ 1:10); (9) തീ ഇറങ്ങി വേറെ അമ്പതു പേരെ ദഹിപ്പിച്ചു കളഞ്ഞത്. (2 രാജാക്കന്മാർ 1:12); (10) യോർദ്ദാൻ നദിയിലെ വെള്ളത്തെ ഭാഗിച്ചത് (2 രാജാക്കന്മാർ 2:8); (11) ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കെടുത്തത് (2 രാജാക്കന്മാർ 2:11). [2]ആ നാല് കാലയളവ് (1) വിവിധ ബാധകളാൽ എബ്രായരെ മിസ്രയീമിൽ നിന്നു വിടുവിച്ചുകൊണ്ട് വന്നത്, (2) ഏലിയാവിന്റേയും ഏലിശയുടേയും കാലം, (3) നമ്മുടെ കർത്താവിന്റെ കാലം, (4) പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയ സഭയുടെ ആരംഭം മുതലുള്ള കാലം. 2 ജെയിംസ് ഇ. സ്മിത്ത്, I & II കിംഗ്സ്, ബൈബിൾ സ്റ്റഡി ടെക്സറ്റ് ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്സ്, 1975), 356.